**പ്രധാനമന്ത്രി ഇന്ത്യ-ഒമാൻ ബിസിനസ് ഫോറത്തിൽ പങ്കെടുത്തു (ഡിസംബർ 18, 2025)**

ഡിസംബർ 18, 2025

മസ്കറ്റിൽ നടന്ന ഇന്ത്യ-ഒമാൻ ബിസിനസ് ഫോറത്തെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്തു. ഒമാന്റെ വാണിജ്യ, വ്യവസായ, നിക്ഷേപ പ്രോത്സാഹന മന്ത്രി ഖൈസ് അൽ യൂസഫ്, ഒമാൻ ചേംബർ ഓഫ് കൊമേഴ്‌സ് ആൻഡ് ഇൻഡസ്ട്രി ചെയർമാൻ ഷെയ്ഖ് ഫൈസൽ അൽ റവാസ്, ഇന്ത്യയുടെ വാണിജ്യ, വ്യവസായ മന്ത്രി ശ്രീ. പിയൂഷ് ഗോയൽ, CII പ്രസിഡന്റ് ശ്രീ രാജീവ് മേമാനി എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഊർജ്ജം, കാർഷികം, ലോജിസ്റ്റിക്സ്, അടിസ്ഥാന സൗകര്യം, നിർമ്മാണം, ആരോഗ്യം, സാമ്പത്തിക സേവനങ്ങൾ, ഹരിത വികസനം, വിദ്യാഭ്യാസം, കണക്ടിവിറ്റി എന്നീ മേഖലകളിൽ നിന്നുള്ള ഇരുരാജ്യങ്ങളിലെയും പ്രമുഖരായ വ്യവസായ പ്രതിനിധികളും ഫോറത്തിൽ സന്നിഹിതരായിരുന്നു.

2. സമ്മേളനത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി മാണ്ഡ്വി മുതൽ മസ്കറ്റ് വരെയുള്ള ഇരുരാജ്യങ്ങളുടെയും നൂറ്റാണ്ടുകൾ പഴക്കമുള്ള സമുദ്ര വ്യാപാര ബന്ധങ്ങളെക്കുറിച്ച് എടുത്തുപറഞ്ഞു, ഇന്നിത് ഊർജ്ജസ്വലമായ വാണിജ്യ വിനിമയത്തിന്റെ അടിത്തറയായി മാറിയിട്ടുണ്ട്. 70 വർഷത്തെ നയതന്ത്ര ബന്ധങ്ങൾ നൂറ്റാണ്ടുകളായി കെട്ടിപ്പടുത്ത വിശ്വാസത്തിന്റെയും സൗഹൃദത്തിന്റെ പ്രതീകമാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്തത്തിന്റെ (CEPA) പൂർണ്ണ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ബിസിനസ് നേതാക്കളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു, ഇന്ത്യ-ഒമാൻ പങ്കാളിത്ത ഭാവിയുടെ രൂപരേഖയാണിതെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. ഉഭയകക്ഷി വ്യാപാര നിക്ഷേപ ബന്ധങ്ങളിൽ CEPA പുതിയ ഊർജ്ജം പകരുമെന്നും പരസ്പര വളർച്ച, നവീകരണം, തൊഴിൽ എന്നിവയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം അടിവരയിട്ടു പറഞ്ഞു.

3. കഴിഞ്ഞ 11 വർഷങ്ങളിലെ ഇന്ത്യയുടെ സാമ്പത്തിക വിജയത്തെ ഉയർത്തിക്കാട്ടി, ആധുനിക പരിഷ്കാരങ്ങൾ, പ്രവചനാത്മകമായ നയങ്ങൾ, നല്ല ഭരണ നിർവ്വഹണം, ഉയർന്ന നിക്ഷേപക ആത്മവിശ്വാസം എന്നിവയുടെ പശ്ചാത്തലത്തിൽ ലോകത്തിലെ 3-ാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറിക്കൊണ്ടിരിക്കുകയാണ് രാജ്യമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ആഗോളതലത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന ഒരു അന്തരീക്ഷത്തിലും ഇന്ത്യയുടെ ഉയർന്ന വളർച്ചാനിരക്ക് - അവസാന പാദത്തിൽ 8%-ലധികം - ഇന്ത്യയുടെ പ്രതിരോധശേഷിയെയും അന്തർലീനമായ ശക്തികളെയും സൂചിപ്പിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. "ജീവിതം സുഗമ"മാക്കുന്നതിനും "ബിസിനസ്സ് ചെയ്യുന്നത്

എളുപ്പ"മാക്കുന്നതിനും വേണ്ടി ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ലോജിസ്റ്റിക്സ്, കണക്റ്റിവിറ്റി, വിശ്വസനീയമായ വിതരണ ശൃംഖലകൾ, ഉൽപ്പാദന ശേഷി, ഹരിത വികസനം എന്നിവ അതിവേഗത്തിലും വലിയ തോതിലും സൃഷ്ടിക്കാൻ ഇന്ത്യ പരിശ്രമിക്കുകയാണെന്ന് അദ്ദേഹം അടിവരയിട്ടു പറഞ്ഞു. ഊർജ്ജം, എണ്ണ, വാതകം, പെട്രോകെമിക്കൽസ്, ഫെർട്ടിലൈസേഴ്സ് തുടങ്ങിയ പരമ്പരാഗത മേഖലകൾക്ക് പുറമെ ഹരിത ഊർജ്ജം, സോളാർ പാർക്കുകൾ, ഊർജ്ജ സംഭരണം, സ്മാർട്ട് ഗ്രിഡുകൾ, അഗ്രി-ടെക്, ഫിൻടെക്, AI, സൈബർ സുരക്ഷ എന്നീ മേഖലകളിലുള്ള അവസരങ്ങളും പര്യവേക്ഷണം ചെയ്യാനും അദ്ദേഹം ഒമാനി വ്യവസായങ്ങളെ ക്ഷണിച്ചു. ബിസിനസ് പങ്കാളിത്തത്തെ ഭാവിയിലേക്ക് സജ്ജമാക്കുന്നതിനായി ഇന്ത്യ-ഒമാൻ അഗ്രി ഇന്നൊവേഷൻ ഹബ്ബ്, ഇന്ത്യ-ഒമാൻ ഇന്നൊവേഷൻ ബ്രിഡ്ജ് എന്നിവ രൂപീകരിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. ഇവ കേവലം ആശയങ്ങൾ മാത്രമല്ല, മറിച്ച് നിക്ഷേപത്തിനും നവീകരണങ്ങൾക്കും ഒരുമിച്ച് ഭാവി കെട്ടിപ്പടുക്കുന്നതിനുള്ള ക്ഷണമാണെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

4. ചടങ്ങിലെ ബിസിനസ് നേതാക്കളുടെ ശക്തമായ സാന്നിധ്യത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു, വ്യവസായ സംരംഭങ്ങളെ ഗവൺമെന്റ് നയങ്ങളുമായി സംയോജിപ്പിക്കാനും CEPA ക്ക് കൂടുതൽ വേഗത നൽകാനും അദ്ദേഹം അവരോട് ആഹ്വാനം ചെയ്തു. ഇന്ത്യയും ഒമാനും അടുത്ത അയൽവാസികൾ മാത്രമല്ല, മേഖലയിലും അതിനപ്പുറത്തേക്കും സ്ഥിരതയ്ക്കും വളർച്ചയ്ക്കും പങ്കിട്ട അഭിവൃദ്ധിയ്ക്കും വേണ്ടി പ്രതിജ്ഞാബദ്ധമായ തന്ത്രപരമായ പങ്കാളികളാണെന്ന് അദ്ദേഹം ആവർത്തിച്ചു. പ്രധാനമന്ത്രിയുടെ പൂർണ്ണ പരാമർശങ്ങൾ ഇവിടെ കാണാം **[Link].**

മസ്കറ്റ്

18 ഡിസംബർ 2025